## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **3441** — 20-06-2018 ൽ മറുപടിയ്ക്ക്

# ഫോർട്ട് കൊച്ചി ബോട്ട് ദുരന്തം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് : | | പിണറായി വിജയൻ<br>( മുഖ്യമന്ത്രി) | |
| (എ) | ഫോർട്ട് കൊച്ചി ബോട്ട് ദുരന്തത്തെക്കുറിച്ച് അന്വേഷിച്ച് സമർപ്പിച്ച റിപ്പോർട്ടിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ ; | (എ) | നിലവിലുള്ള ബോട്ട് ജട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി തുറമുഖ വകുപ്പ്, ഇൻലാന്റ് വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റ്, ജലസേചന വകുപ്പ് എന്നീ വകുപ്പുകളിലെ ഓരോ ഓഫീസർമാരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി നിലവിലുള്ള ബോട്ട് ജട്ടികളുടെ സുരക്ഷാ പരിശോധന നടത്തുന്നതാണ്. ടൂറിസ്റ്റ് ബോട്ടുകൾ ഉൾപ്പെടെ എല്ലാ ബോട്ടുകളിലും സീറ്റിംഗ് കപ്പാസിറ്റി, ടിക്കറ്റ് നിരക്ക് തുടങ്ങിയ പ്രധാന വിവരങ്ങൾ ബോട്ടുകളിലും, ബോട്ടുജട്ടികളിലും പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സർവ്വെ സമയത്ത് ചീഫ് സർവ്വെയർ, സർവ്വെയർ എന്നിവർ ഇത് പരിശോധിക്കുന്നു. ഇത് Digitalize ചെയ്യുന്നതിനു വേണ്ടി കെൽട്രോണുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | ദുരന്തത്തിൽ മരിച്ചവരുടെ കുടുംബങ്ങളുടെ പുനരധിവാസത്തിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ ; | (ബി) യും (സി) യും | ഫോർട്ട് കൊച്ചി ബോട്ടപകടത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് 5 ലക്ഷം രൂപ വീതം 55 ലക്ഷം രൂപയും (11 പേർക്ക്) ഗുരുതര പരിക്ക് പറ്റിയവർക്ക് ഒരു ലക്ഷം രൂപ വീതം 10 ലക്ഷം രൂപയും (10 പേർക്ക്) ധനസഹായം നൽകിയിട്ടുള്ളതാണ്. കൂടാതെ പരിക്കേറ്റവർക്ക് വിവിധ ആശുപത്രികളിൽ സൗജന്യ ചികിത്സയും നൽകിയിട്ടുണ്ട്. |
| (സി) | ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ